# കേരള സംഗീത നാടക അക്കാദമി തൃശ്ശൂർ - 20

## അമേച്വർ നാടക നിർമ്മാണം ധനസഹായത്തിനുള്ള നിയമാവലി

1. ധനസഹായത്തിനുള്ള അപേക്ഷ അക്കാദമിയുടെ നിശ്ചിത ഫോറത്തിൽ നാടകം അവതരിപ്പിക്കുന്ന സംഘത്തിന്റെ സെക്രട്ടറിയുടെ/ മറ്റു ഉത്തരവാദപ്പെട്ട അധികാരികളുടെ ഒപ്പോടുകൂടി നിശ്ചിത തിയതിക്കകം ലഭിച്ചിരിക്കണം.

2. നാടകസ്ക്രിപ്റ്റിന്റെ ഡി.ടി.പി ചെയ്ത അഞ്ചു കോപ്പികൾ അയക്കണം. അവ തിരികെ ലഭിക്കുന്നതല്ല. നാടകത്തിന്റെ സ്ക്രിപ്റ്റ് കോപ്പിയിൽ അവതരിപ്പിക്കുന്ന സംഘത്തിന്റേയോ നാടകകൃത്തിന്റേയോ പേരുംവിലാസവും ഉണ്ടായിരിക്കരുത്.

3. അവതരണാനുമതി ലഭിക്കുന്ന നാടകസംഘങ്ങൾ അക്കാദമി നിർദ്ദേശിക്കുന്ന സ്ഥലത്തും സമയത്തും നാടകം അവതരിപ്പിക്കാൻ ബാദ്ധ്യസ്ഥരാണ്. തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ ഇക്കാര്യം ഉറപ്പു നൽകുന്ന ഒരു കരാർ 200 രൂപയുടെ മുദ്രപത്രത്തിൽ ഒപ്പിട്ട് നല്കേണ്ടതാണ്.

4. അക്കാദമി നിർവ്വാഹകസമിതി നിശ്ചയിക്കുന്ന വിദഗ്ദ്ധരടങ്ങുന്ന ജഡ്ജിംഗ് കമ്മിറ്റിയായിരിക്കും നാടകങ്ങൾ തെരഞ്ഞെടുക്കുന്നത്. ഇവരുടെ തീരുമാനം അന്തിമമായിരിക്കും.

5. ധനസഹായത്തിന് സമർപ്പിക്കപ്പെടുന്ന നാടകങ്ങൾ താഴെപ്പറയുന്ന ചട്ടങ്ങൾക്കു വിധേയമായിരിക്കണം.

എ) അവതരിപ്പിക്കാനുദ്ദേശിക്കുന്ന നാടകത്തിന്റെ അഞ്ചു കോപ്പി അയക്കേണ്ടത് നാടകം അവതരിപ്പിക്കുന്ന സംഘം മുഖേനയായിരിക്കണം.

ബി) നാടകത്തിന്റെ അവതരണ ദൈർഘ്യം ഒരു മണിക്കൂറിൽ കുറയാൻ പാടില്ല

സി) ഇതിനുമുൻപ് അവതരിപ്പിച്ച നാടകങ്ങൾ പരിഗണിക്കുന്നതല്ല.

ഡി) നോവൽ, ചെറുകഥ, കവിത എന്നിവയുടെ പുതിയ നാടകരൂപങ്ങൾ ധനസഹായത്തിന് സ്വീകരിക്കുന്നതാണ്.

......2

ഇ) സ്വതന്ത്രമായ നാടക രചനയല്ലാതെ, മറ്റേതെങ്കിലും കൃതിയുടെയോ, ആവിഷ്കാരങ്ങളുടെയോ, അഡാപ്റ്റേഷനുകളിലൂടെയോ തയ്യാറാക്കിയതാണെങ്കിൽ മൂല കൃതിയുടെ രചയിതാവിന്റെ/അവകാശിയുടെ സമ്മതപത്രം ഹാജരാക്കേണ്ടതാണ്. ആയതിന് എന്തെങ്കിലും സാങ്കേതികതടസ്സം, നേരിട്ടാൽ പകർപ്പാവകാശം സംബന്ധിച്ച് നിയമപരമായി ഉണ്ടാകുന്ന പ്രശ്നങ്ങളുടെ പരിപൂർണ്ണ ഉത്തരവാദിത്തം നാടക സംഘം ഏറ്റെടുക്കുന്നതാണെന്ന് കാണിച്ചുകൊണ്ടുള്ള നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം ഹാജരാക്കേണ്ടതാണ്.

എഫ്) ഒരു സമിതിയുടെ ഒന്നിൽ കൂടുതൽ നാടകങ്ങൾ തെരഞ്ഞെടുക്കുന്നതല്ല.

ജി) നാടകസംഘങ്ങൾ ചുരുങ്ങിയത് 5 വർഷത്തെ പ്രവർത്തനരേഖകൾ ഹാജരാക്കേണ്ടതാണ്.

എച്ച്) അവതരണക്രേന്ദ്രങ്ങളിൽ സംഘാടകരുമായി സഹകരിച്ച് നാടകത്തിനാവശ്യമായ ലൈറ്റ്, സൗണ്ട്, ജനറേറ്റർ എന്നിവ അക്കാദമി ഏർപ്പെടുത്തുന്നതാണ്.

7. നാടകം നിർമ്മിക്കുന്നതിന് 1 ലക്ഷം രൂപയും ചുരുങ്ങിയത് 2 വേദികളിലെങ്കിലും നാടകം അവതരിപ്പിക്കുന്നതിന് 50,000/- രൂപ വീതം 1 ലക്ഷം രൂപയും ഉൾപ്പെടെ 2 ലക്ഷം രൂപയാണ് ഒരു സംഘത്തിന് അക്കാദമി അനുവദിക്കുക. സംഘത്തിന് വരുന്ന മറ്റു യാതൊരു ചെലവുകളും അക്കാദമി വഹിക്കുന്നതല്ല.

8. സ്ക്രിപ്റ്റ് അവതരണത്തിനായി തെരഞ്ഞെടുക്കുകയാണെങ്കിൽ നാടകം നിർമ്മിക്കുന്നതിനാവശ്യമായ 50% തുക മുൻകൂറായി അനുവദിക്കുന്നതായിരിക്കും. ശേഷിക്കുന്ന തുക ആവശ്യമെങ്കിൽ വിദഗ്ദ്ധസമിതി/പ്രതിനിധി റിഹേഴ്സൽ കണ്ട് വിലയിരുത്തി അനുവദിക്കുന്നതായിരിക്കും.

9 ഈ നിയമാവലിയിലെ ഏതെങ്കിലും വകുപ്പിനെ സംബന്ധിച്ച് തർക്കം ഉത്ഭവിക്കുന്നപക്ഷം അതിനെപ്പറ്റി അവസാന വിധി പറയാനുള്ള അധികാരം കേരള സംഗീത നാടക അക്കാദമി നിർവ്വാഹക സമിതിക്കായിരിക്കും. നിർവ്വാഹകസമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

10 നാടകാവതരണത്തെ സംബന്ധിച്ച് വല്ല വ്യവഹാരവും ഉത്ഭവിക്കുകയാണെങ്കിൽ ആയതിന്റെ നിയമപരമായ അധികാരപരിധി തൃശൂരായിരിക്കും.

കരിവെള്ളൂർ മുരളി
സെക്രട്ടറി.

സി.പി.എസ്.

## കേരള സംഗീത നാടക അക്കാദമി, തൃശൂർ -20

## അമേച്വർ നാടക നിർമ്മാണം - ധനസഹായത്തിനുള്ള അപേക്ഷാഫോറം

| | | |
|---|---|---|
| 1. | അപേക്ഷിക്കുന്ന നാടകസംഘത്തിന്റെ/ കലാസംഘടനയുടെ പേരും പൂർണ്ണമായ മേൽവിലാസവും (ജില്ലയുടെ പേരും പിൻകോഡും) | |
| 2. | ഫോൺ നമ്പർ, ഇമെയിൽ | |
| 3. | ധനസഹായത്തിന് അയക്കുന്ന നാടകത്തിന്റെ പേര് | |
| 4. | നാടകകൃത്തിന്റെ പേരും പ്രവർത്തനപരിചയവും സമ്മതപത്രവും (അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുക) | |
| 5. | നാടകസംവിധായകന്റെ പേരും പ്രവർത്തനപരിചയവും (അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുക) | |
| 6. | നാടകം അവതരിപ്പിക്കുന്നത് സംബന്ധിച്ച സംവിധായകക്കുറിപ്പ് (അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുക) | |
| 7. | കലാസമിതിയുടെ പ്രവർത്തനം വ്യക്തമാക്കുന്ന ലഘുവിവരണം (അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുക) | |

നിയമാവലിയിലെ വ്യവസ്ഥകൾ അനുസരിച്ച് കേരള സംഗീത നാടക അക്കാദമി നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും ഞങ്ങളുടെ നാടകം അവതരിപ്പിച്ചു കൊള്ളാമെന്ന് ഇതിനാൽ സമ്മതിച്ചിരിക്കുന്നു.

നാടകസംഘം / കലാസംഘടനക്കുവേണ്ടി

സീൽ

സെക്രട്ടറിയുടെ പേരും
ഒപ്പും:

സ്ഥലം :

തീയതി: